# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 255 18.03.2013-ൽ മറുപടി

### രാഷ്ട്രീയ പ്രവർത്തകരുടെ കൊലപാതകം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |

എ) ഈ സർക്കാർ അധികാരമേറ്റ ശേഷം രാഷ്ട്രീയ പ്രവർത്തകർ കൊല ചെയ്യപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഏതെല്ലാം തീയതികളിൽ ; ആരൊക്കെ ;

(എ) 8 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സംഭവം നടന്ന തീയതി | കൊല്ലപ്പെട്ടവർ |
| --- | --- | --- |
| 1 | 19.05.2011 | സി. അഷറഫ് |
| 2 | 05.07.2011 | സി. റ്റി. അൻവർ |
| 3 | 19.01.2012 | ഷാരോൺ |
| 4 | 12.02.2012 | മനോജൻ |
| 5 | 20.02.2012 | അബ്ദുൾ ഷുക്കൂർ |
| 6 | 18.03.2012 | അനീഷ് രാജൻ |
| 7 | 08.04.2012 | വിനീഷ് |
| 8 | 04.05.2012 | ടി. പി. ചന്ദ്രശേഖരൻ |

ആലപ്പുഴയിൽ നടന്ന വിശാൽ കമാർ വധവും കണ്ണൂരിൽ നടന്ന സച്ചിൻ ഗോപാൽ വധവും വർഗ്ഗീയ സ്വഭാവം ഉള്ളതായതിനാൽ ഇവ രാഷ്ട്രീയ കൊലപാതകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) ഓരോ കേസ്സിന്റെയും അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ ഓരോ കേസിന്റെയും അന്വേഷണ പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കൊല്ലപ്പെട്ടത് | അന്വേഷണ പുരോഗതി |
| --- | --- | --- |
| 1 | സി. അഷറഫ് | വിചാരണ നടന്നു വരുന്നു. |
| 2 | സി. റ്റി. അൻവർ | വിചാരണ നടന്നു വരുന്നു. |
| 3 | ഷാരോൺ | അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. |

| | | |
|---|---|---|
| 4 | മനോജൻ | അന്വേഷണം തുടരുന്നു. |
| 5 | അബ്ദുൾ ഷുക്കൂർ | വിചാരണ നടന്നു വരുന്നു. |
| 6 | അനീഷ് രാജൻ | കുറ്റപത്രം തയ്യാറാക്കി വരുന്നു. |
| 7 | വിനീഷ് | വിചാരണ നടന്നു വരുന്നു. |
| 8 | ടി. പി. ചന്ദ്രശേഖരൻ | വിചാരണ നടന്നു വരുന്നു. |

സി) ഇതിൽ പ്രധാന പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാത്ത കേസ്സുകൾ ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

(സി) അബ്ദുൾ ഷുക്കൂർ വധക്കേസിൽ 33 പ്രതികളിൽ 2 പ്രതികളെയും മനോജൻ വധക്കേസിൽ 15 പ്രതികളിൽ ഒരു പ്രതിയേയും ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ 76 പ്രതികളിൽ ഒരു പ്രതിയേയും അറസ്റ്റു ചെയ്യാൻ ബാക്കിയുണ്ട്. മറ്റ് കേസുകളിൽ എല്ലാ പ്രതികളെയും അറസ്റ്റു ചെയ്തിട്ടുണ്ട്.

ഡി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര ;

(ഡി) മേൽപ്പറഞ്ഞ എട്ടു കേസുകളിൽ ആറെണ്ണത്തിൽ കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്.

ഇ) ഇതിൽ പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തി അന്വേഷണം നടത്തിയവ ഏതൊക്കെയെന്ന് വിശദമാക്കുമോ ?

(ഇ) മേൽപ്പറഞ്ഞ 8 രാഷ്ട്രീയ കൊലപാതക കേസുകളിൽ മനോജൻ വധക്കേസും ടി. പി. ചന്ദ്രശേഖരൻ വധക്കേസും പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷണം നടത്തിയവയാണ്.

സെക്ഷൻ ഓഫീസർ